**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** | **12-10-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2003 ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകളെ സംബന്ധിച്ച് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | കെൽട്രോണിന്റെ സബ്സിഡിയറി കമ്പനികളായിരുന്ന കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങൾ 2005 - 2006 കാലയളവ് മുതൽ ബഹു. കേരള ഹൈക്കോടതിയുടെ കീഴിലുള്ള ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശ-മാണ്. ടി കമ്പനികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും കമ്പനികളുടെ തൃശ്ശൂരിലുള്ള വസ്തുവകകൾ കെൽട്രോണിന് ലഭിക്കുന്നതിനായും 100 മെഗാവാട്ട് സോളാർ പാനൽ നിർമ്മാണത്തിനായുള്ള ഒരു പ്രോജക്റ്റ് കെൽട്രോൺ ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്റ്റ് ബഹു. ഹൈക്കോടതി അംഗീകരിക്കുകയാണെങ്കിൽ ലിക്വിഡേഷ-നിലുള്ള കമ്പനിയുടെ വസ്തുവകകൾ റിവൈവ് ചെയ്യുകയോ അവ കെൽട്രോണിൽ ലയിപ്പിച്ച് മേൽസൂചിപ്പിച്ച പ്രോജക്റ്റ് ടി സ്ഥലത്ത് പ്രാവർത്തികമാക്കുവാനോ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ